സബ്മിഷൻ

1. കാസർഗോഡ് വികസന പാക്കേജ്

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിൽ 2013 മുതൽ ആരംഭിച്ച ജില്ലാ വികസന പാക്കേജ്, ജില്ലയുടെ വികസനത്തിന് വലിയൊരു മുന്നേറ്റമാണുണ്ടാക്കിയത്. ഒന്നാം പിണറായി സർക്കാർ എല്ലാ ബഡ്ജറ്റിലും കെ.ഡി.പി.-ക്ക് സാമാന്യം നല്ലതുക തന്നെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 11,123.07 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികളാണ് കെ.ഡി.പി-യിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ ചീമേനി പവർപ്ലാന്റ് 5,500 കോടി രൂപ ഇരുമ്പയം പെല്ലറ്റൈസേഷൻ പോയിന്റ് 1000 കോടി രൂപ എന്നീ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ ഉപേക്ഷിക്കുകയുണ്ടായി. 12-02-2019-ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന എംപവേർഡ് കമ്മിറ്റി നിലവിലുള്ള റിപ്പോർട്ടിൽ പ്രതിപാദിക്കാത്ത ജില്ലയിലെ സമഗ്രവികസനത്തിനാവശ്യമുള്ളതുമായ ഏതാനും പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. അങ്ങനെ തയ്യാറാക്കിയ പ്രപ്പോസൽ ഇപ്പോഴും പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലാണ്. ജലസുരക്ഷ,

ഭക്ഷ്യസുരക്ഷ, സാമ്പത്തികസുരക്ഷ, സാമൂഹ്യസുരക്ഷ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് 1579.18 കോടി രൂപയുടെ പുതിയ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്. നേരത്തേ സമർപ്പിച്ച റിപ്പോർട്ടിലെ അടങ്കൽ തുകയ്ക്ക് ഒരു മാറ്റവും വരാതെ സമർപ്പിച്ച പുതിയ നിർദ്ദേശങ്ങൾ അംഗീകരിച്ചാൽ ജില്ലയുടെ വികസനത്തിന് ഒരു പുതിയ കുതിപ്പുണ്ടാകും. അതുകൊണ്ട് ഇപ്പോൾ സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ അനുവദിച്ചുതരണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അദ്ദേഹം ഉന്നയിച്ച ആദ്യഭാഗങ്ങൾ നേരത്തെ നടന്നിട്ടുള്ളതാണ്. ജില്ലയുടെ സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമായ പദ്ധതികൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ സമർക്കാർ കാസർഗോഡ് ജില്ല കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. കമ്മീഷൻ റിപ്പോർട്ട് നിർദ്ദേശിച്ച ചില പദ്ധതികൾ ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായോഗികമല്ല. അതിനുപകരം ആ തുകയ്ക്ക് ജല സുരക്ഷ, ഭക്ഷ്യ സുരക്ഷ, സാമ്പത്തിക സുരക്ഷ, സാമൂഹ്യ സുരക്ഷ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന പദ്ധതികളാണ് ജില്ല കളക്ടർ വിഭാവന ചെയ്തിട്ടുള്ളത്.

പുതുക്കിയ റിപ്പോർട്ടിൽ പൂരിഭാഗം പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് വകുപ്പുകളുടെയും പ്രവർത്തന മണ്ഡലത്തിനുള്ളിൽ വരുന്നവയാണ്. അതിനാൽ വിവിധ വകുപ്പുകളും നിർവ്വഹണ ഏജൻസികളും തമ്മിലുള്ള ഏകോപന സാധ്യത ഫലപ്രദമായി ഉപയോഗപ്പെടുത്താനാവും. നിലവിൽ സംസ്ഥാന സർക്കാർ വിഹിതം മാത്രമേ കാസർഗോഡ് വികസന പാക്കേജിനായി ലഭിച്ചിട്ടുള്ളൂ. കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള തുകയും കേന്ദ്രാവിഷ്കൃത പദ്ധതികളായ എം.എൻ.ആർ.ഇ.ജി.എ., ജല് ശക്തി അഭ്യാൻ തുടങ്ങിയവയിൽ നിന്നുള്ള തുകയും കണ്ടെത്തേണ്ടതുണ്ട്. അടുത്ത സംസ്ഥാനതല എംപവേർഡ് കമ്മിറ്റി യോഗത്തിൽ മുഖ്യഅജണ്ടയായി പരിഗണിക്കുന്നതിനായി പുതിയ നിർദ്ദേശങ്ങളുടെ വിശദമായ പ്രസന്റേഷൻ അവതരിപ്പിക്കുന്നതിന് ജില്ല കളക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പുതുക്കിയ പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

2. റോഡുകളുടെയും ഡ്രെയിനേജുകളുടെയും ശോച്യാവസ്ഥ

ശ്രീ. ഷാഫി പറമ്പിൽ: സർ, പാലക്കാട് നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളായി തകർന്നുകിടക്കുന്ന മുൻസിപ്പൽ റോഡുകളും മാലിന്യ പ്രശ്നവും മാറുകയാണ്. അമൃത് പദ്ധതിയുടെ നടത്തിപ്പ് അനന്തമായി വൈകുന്നതുകൊണ്ട് അവിടെയുള്ള റോഡുകളുടെ മുക്കാൽ ഭാഗവും വെട്ടിപ്പൊളിച്ചിട്ട അവസ്ഥയിലാണ്. മഴക്കാലവും കോവിഡിന്റെ പ്രയാസങ്ങളും പകരുന്ന രോഗങ്ങളും എല്ലാ ബുദ്ധിമുട്ടുകളും റോഡും ഡ്രെയിനേജുമെക്കെയായി കണക്ക് ചെയ്തു കൊണ്ട് ജനങ്ങൾക്ക് ഉണ്ടാകുകയാണ്. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വൈകുന്നു എന്ന കാരണം പറയുന്നു. അത് പൂർത്തിയായ സ്ഥലങ്ങളിൽപ്പോലും വേണ്ടത്ര വേഗത്തിൽ റീസ്റ്റോറേഷൻ നടക്കുന്നില്ല. മണൽമന്ത-മാട്ടുമന്ത റോഡ് വർഷങ്ങളായി ദയനീയ അവസ്ഥയിലാണ്. ഒരുപാട് ആളുകൾ ആശ്രയിക്കുന്ന ധാരാളം റോഡുകൾ പൂർണ്ണമായും തകർന്ന് തരിപ്പണമായി കിടക്കുകയാണ്. ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട് നഗരസഭയുമായി സംസാരിച്ച് ഏതെങ്കിലും തരത്തിലുള്ള വൺടൈം സഹായം

കൊട്ടത്തിട്ടാണെങ്കിലും റോഡുകൾ എത്രയും വേഗത്തിൽ റീസ്റ്റോർ ചെയ്തില്ലെങ്കിൽ പാലക്കാട്ടെ നഗര ജീവിതം നരക തുല്യമായ അവസ്ഥയിലേയ്ക്ക് പോകും.

മാലിന്യ പ്രശ്നം പരിഹരിക്കാനുള്ള ഒരു എഫേർട്ടിനും വളരെ പെട്ടെന്ന് റിസൽറ്റ് ഉണ്ടാക്കുവാൻ കഴിയുന്ന ഒരു നടപടിയും കാണുന്നില്ല. അവിടെ നിന്ന് കളക്ട് ചെയ്യാവുന്ന മാലിന്യം അവിടുത്തെ ഡ്രഞ്ച് ഗ്രൗണ്ടിൽ കൊണ്ടുപോകുന്നതിന് പരിമിതികൾ ഉണ്ട്. അതിനെ സംബന്ധിച്ചുള്ള തീരുമാനങ്ങൾ ഉണ്ടാകുന്നില്ല. നഗരത്തിന്റെ പല സ്ഥലങ്ങളിലും മാലിന്യം കുമിഞ്ഞുകൂടി ദുർഗ്ഗന്ധം വമിച്ച് രോഗം പടരാൻ കാരണമാകുന്ന തരത്തിലേയ്ക്ക് മാറുകയാണ്. ജനപ്രതിനിധി എന്ന നിലയ്ക്കും പൊതുപ്രവർത്തകൻ എന്ന നിലയ്ക്കും ഞങ്ങൾക്ക് വലിയ പ്രയാസമുണ്ടകുന്ന അവസ്ഥയാണ് നഗരത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സ്റ്റേറ്റ് ഗവൺമെന്റ് ഇൻഷ്യേറ്റീവ് എടുത്ത് ബന്ധപ്പെട്ട ആളുകളെയെല്ലാം വിളിച്ചുവരുത്തി റോഡുകളുടെ റെസ്റ്റോറേഷനുവേണ്ടിയും അമൃത് പദ്ധതിയുടെ പ്രോജക്ടുകൾ പൂർത്തികരിക്കിന്നതിനുവേണ്ടിയും മാലിന്യ പ്രശ്നം ശാശ്വതമായി

പരിഹരിക്കാൻ കഴിയാവുന്ന സർക്കാർ അംഗീകൃത ഏജൻസികളും പ്രോജക്ടുകളും നടപ്പിലാക്കുന്നതിനുവേണ്ടിയും അടിയന്തിര ഇടപെടൽ നടത്തണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. നഗരത്തിലെ പല റോഡുകളിലും സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി ചില റോഡുകൾ നടുവെയാണ് കീറിയിരിക്കുന്നത്. വാട്ടർ അതോറിറ്റിയുടെ പുതിയ ടാങ്കുകൾ, ചാർജ്ജ് ചെയ്തുകിൽ മാത്രമേ, കമ്മിഷൻ ചെയ്താൽ അതുവഴി വെള്ളം ആദ്യം ട്രയൽ ചെയ്ത് നോക്കിയിട്ടേ റോഡ് റീസ്റ്റോർ ചെയ്യാൻ പറ്റുകയുള്ളൂയെന്ന് പറയുന്നു. ഇതൊക്കെക്കൂടി ശരിയായി വരുമ്പോൾ വർഷങ്ങൾ എടുക്കുന്ന അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. നഗരത്തിലെ ചില റോഡുകളിൽ ഗതാഗതം തന്നെ അസാധ്യമാകുന്ന തരത്തിലാണ്. അടിയന്തിരമായി മന്ത്രിയിടപെട്ട് യോഗം വിളിച്ചുചേർത്ത് ഇത് സമയബന്ധിതമായി തീർക്കാനായി ഫിനാഷ്യൽ സപ്പോർട്ട് കൊടുക്കാനും വൺടൈം സപ്പോർട്ട് കൊടുക്കാനുമുള്ള നടപടികൾ സ്വീകരിക്കാനും മാലിന്യപ്രശ്നം ശാശ്വതമായി പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ നൽകാനും നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ

അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ ഇന്നലെ ഇവിടെ നടന്ന ചർച്ചയുടെ ഭാഗമായിട്ടും ഇതിനെ മുമ്പുതന്നെ അവിടെയുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയും ഇപ്പോൾ സബ്മിഷനിലൂടെയും ഉന്നയിച്ച പ്രശ്നങ്ങൾ വളരെയേറെ ഗൗരവമുള്ള കാര്യമാണെന്ന് ഗവൺമെന്റിന് നല്ല ധാരണയുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തി ഓരോ സന്ദർഭത്തിലും മുൻസിപ്പൽ അധികൃതരുമായി ബന്ധപ്പെടുകയും അതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഇതിനകം തന്നെ നൽകയും ചെയ്തിട്ടുള്ളതാണ്. അമൃത് പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ കൃത്യമായി സംസ്ഥാന അടിസ്ഥാനത്തിലും പ്രദേശ അടിസ്ഥാനത്തിലും പ്രോജക്ട് സംബന്ധിച്ച റിവ്യൂ ഇതിനകം തന്നെ നടന്നു കഴിഞ്ഞു. അതെല്ലാം ചേർത്തുകൊണ്ടുള്ള മറുപടിയാണ് ഉദ്ദേശിക്കുന്നത്. പാലക്കാട് നഗരസഭയിലെ അൻപത് വർഷത്തോളം പഴക്കമുള്ള ഏകദേശം 150 കിലോമീറ്റർ നീളത്തിലുള്ള പ്രധാന കുടിവെള്ള പൈപ്പ് മാറ്റുന്നതിന് അമൃത് പദ്ധതിയിൽ നഗരസഭയ്ക്ക് അനുവദിച്ച

110 കോടി രൂപയോളം വകയിരിത്തിട്ടുള്ള കേരള വാട്ടർ അതോറിറ്റി മുഖേന പ്രവർത്തി ആരംഭിച്ചിരിക്കുന്ന ഒരു പദ്ധതിയാണ്. നഗരസഭ പരിധിയിലുള്ള എല്ലാ വീടുകൾക്കും സൗജന്യ നിരക്കിലുള്ള കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനുള്ള പ്രവർത്തികളും ഇതോടൊപ്പം നടന്നുവരുന്നു. നിലവിൽ എല്ലാ റോഡുകളിലും വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിച്ച് ചാർജിംഗ് ചെയ്യതിന് ശേഷമെ റോഡ് പുനരുദ്ധാരണ പ്രവർത്തികൾ ആരംഭിക്കാൻ കഴിയികയുള്ളൂ. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന 78 റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുവേണ്ടി 30 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കേരള വട്ടർ അതോറിറ്റി പൈപ്പ് ലൈനുകൾ സ്ഥാപിച്ച റോഡുകളുടെ ലിസ്റ്റ് കൈമാറുന്ന മുറയ്ക്ക് മാത്രമേ നഗരസഭയ്ക്ക് റോഡ് പുനരുദ്ധാതണ പ്രവർത്തികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ. 2021 മാർച്ച് അവസാനവാരം മുതലാണ് ഇത്തരത്തിലുള്ള കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പ്രവർത്തി പൂർത്തീകരിച്ചതായി വ്യക്തമാക്കിക്കൊണ്ട് ലിസ്റ്റ് ലഭ്യമായി തുടങ്ങിയത്. അപ്രകാരം ആകെ 40 റോഡുകൾ ഇതിനകം കേരള വാട്ടർ അതോറിറ്റി റോഡ് പുനരുദ്ധാരണത്തിനുവേണ്ടി നഗരസഭയ്ക്ക് കൈമാറിയിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിച്ച ലിസ്റ്റ് പ്രകാരമുള്ള റോഡുകൾ ഇരുപത്തിയഞ്ച് കിലോമീറ്ററിൽ അധികം വരുന്ന റോഡുകൾ പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തിയാക്കി സഞ്ചാര യോഗ്യമാക്കിയിട്ടുള്ളതാണ്. എന്നാൽ കോവിഡ് രണ്ടാം തരംഗം രൂക്ഷമായതിനാൽ സംസ്ഥാനത്ത് ലോക്ക്ഡൗൺ ഏർപ്പെടുത്തിയതുമൂലം പ്രവർത്തികൾ മന്ദഗതിയിൽ ആകുകയായിരുന്നു. തുടർന്നുവന്ന മഴക്കാലവും റോഡ് പുനരുദ്ധാരണ പ്രവർത്തിയെ പ്രതികൂലമായി ബാധിച്ചിട്ടുള്ളതാണ്. എന്നിരുന്നാലും പ്രധാനപ്പെട്ട റോഡുകളിലെ ക്രോസിംഗുകൾ അടിയന്തിര പ്രാധാന്യത്തോടുതന്നെ റിപ്പയർ ചെയ്ത് സമയബന്ധിതമായി പ്രവർത്തികൾ പൂർത്തികരിച്ച് പൊതുജനങ്ങളുടെ സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള നടപടികൾസ്വീകരിച്ചിട്ടുള്ളതാണ്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പാലക്കാട് നഗരസഭയിലുള്ള ആറ് ഡിവിഷനുകളിലായി 174 ശുചീകരണ തൊഴിലാളികളെ നിയോഗിച്ച് ശുചീകരണ പ്രവർത്തികൾ നടത്തി വരുന്നു. സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് ഓരോ വാർഡിലും മൂന്ന് ഹരിത കർമ്മ സേന അംഗങ്ങൾ എന്ന നിലയിലും 52

വാർഡുകളിലെ വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അജൈവ മാലിന്യങ്ങൾ വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്. ഇത്തരത്തിൽ നഗരപരിധിയിലുള്ള ഏകദേശം 54 ശതമാനം വീടുകളിൽനിന്നും 60 ശതമാനത്തിലധികം വരുന്ന സ്ഥാപനങ്ങളിൽനിന്നും വാതിൽപ്പടി ശേഖരണം നടത്തിവരുന്നു. നഗരത്തിൽനിന്നും ദിവസംതോറും നാലഞ്ച് ടൺ ജൈവ മാലിന്യങ്ങൾ വിൻഡോ കംപോസിംഗ് മുഖേന വളമാക്കി മാറ്റുകയും ഒരു കിലോയ്ക്ക് മൂന്ന് രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് നൽകി വരുകയും ചെയ്യുന്നുണ്ട്. മാത്രമല്ല അജൈവ മാലിന്യമായി ലഭിക്കുന്ന ഏകദേശം 1.52 ടൺ മാലിന്യം തരംതിരിച്ച് പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് മാറ്റുകയും അവയെല്ലാം തന്നെ പ്രത്യേകിച്ച് സൂക്ഷിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ബയോമെഡിക്കൽ മാലിന്യം ഉൽപ്പാദിക്കുന്ന സ്ഥലങ്ങളിൽനിന്നും ഇമേജ് എന്ന സ്ഥാപനത്തിലേയ്ക്ക് കൈമാറുന്ന സ്ഥിതിയുമുണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതോ ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നതോ ആയ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും വാർഡ് കൗൺസിലർമാർ

ആരോഗ്യവിഭാഗം ഉദ്യോഗസ്ഥർ ഹരിതകർമ്മ സേന അംഗങ്ങൾ വാർഡ് ശുചിത്വ കമ്മിറ്റി അംഗങ്ങൾ തുടങ്ങിയവർ നേരിട്ട് സന്ദർശനം നടത്തി മാലിന്യം ഹരിതകർമ്മ സേനയ്ക്ക് കൈമാറണമെന്ന അറിയിപ്പുകൾ നൽകുകയും ബോധവൽക്കരണം നടത്തുകയും ചെയ്യേണ്ടതുണ്ട്. ഇതിന് നഗരസഭ അംഗങ്ങളാണ് മുൻകൈ എടുക്കേണ്ടത്. മാലിന്യങ്ങൾ കൊണ്ടുവന്നുതള്ളുന്ന പൊതുസ്ഥലങ്ങളെ റെഡ് സ്പോട്ടുകളായി മാർക്കുചെയ്ത് ഈ സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും നഗരസഭ ജാഗ്രത കാണിക്കണം. ആവശ്യമുള്ള സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിച്ചും ക്യാമറകൾ സ്ഥാപിച്ചും മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തി പിഴ ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭ ആരോഗ്യ വിഭാഗം സ്ക്വാഡ് രാത്രികാല പരിശോധനനടത്തി രാത്രിയിൽ മാലിന്യം റോഡുകളിൽ നിക്ഷേപിക്കുന്നവരെ കണ്ടെത്തി പിഴ ചുമത്തുന്നുണ്ട്. എല്ലാ വാർഡുകളിലും ശുചിത്വ കമ്മിറ്റികളെ സജീവമാക്കണം. മാലിന്യ നിക്ഷേപസ്ഥലങ്ങളിൽ രാത്രികാല നിരീക്ഷണം നടത്തുകയും മാലിന്യ നിക്ഷേപകരെ കണ്ടെത്തിയാൽ വിവരം രാത്രികാല സ്ക്വാഡിനെ

അറിയിക്കുകയും ചെയ്യണം. പ്ലാസ്റ്റിക് നിർമ്മാർജ്ജനത്തിനായി പ്രത്യേകമായ പദ്ധതികളും പിഴ ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കാൻ നഗരസഭയോട് നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭ പരിധിയിൽ മാലിന്യ പ്രശ്നം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശപ്രകാരം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേരുകയും ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രവർത്തികൾ നടപ്പാക്കി വരുകയും ചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ട അവലോകന യോഗങ്ങൾ മാസാമാസം ജില്ല കളക്ടറുടെ നേതൃത്വത്തിൽ നടത്തുകയും നിർദ്ദേശമനുസരിച്ച് നഗരസഭ മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യും.

3. താലൂക്ക് ആശുപത്രി വികസനം

ശ്രീ. സജീവ് ജോസഫ്: സർ, ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏറ്റവും പരിമിതമായ സൗകര്യങ്ങളുള്ള ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആയിരുന്നു ഇരിക്കൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. നാട്ടുകാരുടെയും ജനപ്രതിനിധികളുടെയും നിരന്തരമായ നിവേദനങ്ങളെ തുടർന്ന് 2015- ൽ ഈ ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. ഇപ്പോൾ ഏതാണ്ട്

ആറു വർഷമായിട്ടും നിലവിൽ താലൂക്ക് ആശുപത്രിക്ക് വേണ്ട ഒരു സൗകര്യവും അവിടെ അനുവദിക്കപ്പെട്ടിട്ടില്ല. ആശുപത്രി സൂപ്രണ്ട് തസ്തികയുൾപ്പെടെ ആവശ്യമായ സ്റ്റാഫിന്റെ നിയമനംപോലും ഇതുവരെ നടന്നിട്ടില്ല. സർക്കാരിൽനിന്നുള്ള കത്തിടപാടുകളിൽ ഇപ്പോഴും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നാണ് പരാമർശിക്കുന്നത്. ട്രഷറി ഉൾപ്പെടെയുള്ള ഓഫീസുകളിൽ ആവശ്യമായ മാറ്റങ്ങൾപോലും വരുത്തിയിട്ടില്ല. പരിമിതമായെങ്കിലും ഐ.പി. യൂണിറ്റുള്ള ഏറ്റവും വിസ്തൃതിയുള്ള ഈ മണ്ഡലത്തിലെ ഏക ആശുപത്രിയാണ് ഇരിക്കൂർ ആശുപത്രി. അതുപോലെതന്നെ മട്ടന്നൂർ, തളിപ്പറമ്പ് നിയോജകമണ്ഡലങ്ങളിലെ ഏതാനും പഞ്ചായത്തുകളും ഈ ആശുപത്രിയുടെ ഗുണഭോക്താക്കളാണ്. ആശുപത്രി നവീകരണത്തിന് കഴിഞ്ഞ വർഷം ഒക്ടോബറിൽ നബാർഡ് മുഖേന ഫണ്ട് അനുവദിച്ചെങ്കിലും അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാഥമികമായ നടപടികൾപോലും ആരംഭിച്ചിട്ടില്ല. നബാർഡിൽനിന്നുള്ള 9.6 കോടി രൂപയും സർക്കാർ വിഹിതമായ 1.69 കോടി രൂപയും ചേർത്ത് ആകെ 11.29 കോടി രൂപയ്ക്ക് 55000 ചതുരശ്ര അടിയിൽ അഞ്ച് നിലകളിലുള്ള കെട്ടിടം പണിയാനാണ് തുക

അനുവദിച്ചിട്ടുള്ളത്. അത്യാഹിത വിഭാഗം, കൺസൾട്ടേഷൻ റൂം, ഡയാലിസിസ് യൂണിറ്റ്, ലേബർ റൂം, വാർഡുകൾ, ഓപ്പറേഷൻ തിയേറ്റർ, എൻ.ഐ.സി.യു., എക്സ് റേ, ഫാർമസി തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഉൾക്കൊള്ളിച്ച കെട്ടിട നിർമ്മാണമാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ ഈ നിലയ്ക്ക് കാര്യങ്ങൾ പോയാൽ വർഷങ്ങൾ കാത്തിരുന്നാലും കെട്ടിട നിർമ്മാണം നമുക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ആ നിലയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. കെട്ടിട നിർമ്മാണത്തിന് ആവശ്യമായിട്ടുള്ള രൂപരേഖയ്ക്കുപോലും ആവശ്യമായിട്ടുള്ള അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. പി.ഡബ്ള്യു.ഡി. യുടെ ആർക്കിടെക്ചർ വിംഗിലാണ് ഇപ്പോൾ അതു നിൽക്കുന്നത്. ഫണ്ട് ലാപ്സായി പോകുന്ന സ്ഥിതിവിശേഷം പോലും ഉണ്ടാകാനുള്ള സാധ്യത മനസ്സിലാക്കുകയാണ്. കൂടാതെ ആശുപത്രിയിലെത്തുന്ന രോഗികൾക്ക് ആരോഗ്യ ഇൻഷുറൻസ് കാർഡിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. ഈ പിന്നാക്ക പ്രദേശത്ത് ഡേ കെയർ, കീമോതെറാപ്പി സെന്റർ, ഡയാലിസിസ് സെന്റർ എന്നിവകൂടി ആരംഭിച്ചാൽ അത് ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമായിരിക്കും, അനുഗ്രഹമായിരിക്കും. ഈ

വിഷയത്തിൽ ബഹു. മന്ത്രിയുടെ സത്വര നടപടി, അനുകൂലമായൊരു നടപടി പ്രതീക്ഷിക്കുകയാണ്. അതിനുവേണ്ടി ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുകയാണ്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിലാണ് ഇരിക്കൂർ താലൂക്ക് ആശുപത്രി സ്ഥിതിചെയ്യുന്നത്. ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകൾക്കുപുറമെ സമീപ പഞ്ചായത്തുകളായ പടിയൂർ, മലപ്പട്ടം, കൂടാളി എന്നീ പഞ്ചായത്തിലെ ജനങ്ങളും ഈ ആശുപത്രിയെ ആശ്രയിക്കുന്നുണ്ട്. 24 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ ആശുപത്രിയിൽ കോവിഡ് മഹാമാരിക്കുമുമ്പുള്ള പ്രതിദിന ഒ.പി. 517-ഉം ഐ.പി. 8-ഉം ആയിരുന്നു. നിലവിലെ സാഹചര്യത്തിൽ പ്രതിദിന ശരാശരി ഒ.പി. 365-ഉം ഐ.പി. 2-ഉമാണ്. 2006 മുതൽ നിലവിലുള്ള ജീവനക്കാരെയും അടിസ്ഥാന സൗകര്യങ്ങളും ഉപയോഗപ്പെടുത്തി കിടത്തി ചികിത്സ നൽകിവരുന്നുണ്ടായിരുന്നു. 16.01.2015- ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് ഇരിക്കൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെ താലൂക്ക്

ആശുപത്രിയായി ഉയർത്തിയത്. 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തിക അന്ന് സൃഷ്ടിച്ചിരുന്നു. പീഡിയാട്രിക്സ്, ഗൈനക്കോളജി എന്നീ സ്പെഷ്യാലിറ്റി സേവനങ്ങളും ഫാർമസി, ദന്തൽ, ലാബ് എന്നീ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. നിലവിൽ രണ്ടു നിലയുള്ള ഒ.പി. കെട്ടിടം, സ്ത്രീകളുടെ വാർഡ്, പുരുഷന്മാരുടെ വാർഡ്, പാലിയേറ്റീവ് കെയർ കെട്ടിടം ഒക്കെ അവിടെ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഈ ആശുപത്രിയിൽ അസിസ്റ്റന്റ് സർജൻ 4, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ -4, ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ്- 1, ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി -1, ദന്തൽ അസിസ്റ്റന്റ് സർജൻ- 1, ഫാർമസിസ്റ്റ് -1, സ്റ്റാഫ് നഴ്സ് - 5, ജെ.പി.എച്ച്.എൻ- 3, ഹെൽത്ത് ഇൻസ്പെക്ടർ -3 ഉൾപ്പെടെ 37 സ്ഥിരം ജീവനക്കാരുടെ തസ്തികകളുണ്ട്. ഇതിനുപുറമെ എൻ.എച്ച്.എം.- ൽ നിന്നും ഒരു അസിസ്റ്റന്റ് സർജൻ ഉൾപ്പെടെ 3 പേർ, എച്ച്.എം.സി. 4 പേർ, അതുപോലെ എൽ.എസ്.ജി.ഡി. യിൽ നിന്നും ഒരാൾ എന്നിങ്ങനെ 9 താൽക്കാലിക ജീവനക്കാരെയും അവിടെ നിയമിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 22.09.2021- ലെ ഗവൺമെന്റ് ഉത്തരവ് 168/2021 നമ്പർ പ്രകാരം സ്റ്റാഫ് നഴ്സ്

3, ഫാർമസിസ്റ്റ് 1, ക്ലാർക്ക് 1 എന്നിങ്ങനെ 5 പുതിയ തസ്തികകൾ ഇരിക്കൂർ താലൂക്ക് ആശുപത്രിയിൽ സൃഷ്ടിച്ചിട്ടുണ്ട്. 14.10.2020-ലെ 1894/2020 ഉത്തരവ് പ്രകാരം നബാർഡിൽ ഉൾപ്പെടുത്തി ഈ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പുതിയ കെട്ടിട നിർമ്മാണത്തിന് 11.30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് മണ്ണ് പരിശോധന പൂർത്തിയാക്കി കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ തയാറാക്കുകയാണ്. അഞ്ച് നിലകളിലായി കാഷ്വാലിറ്റി, ലാബ്, കൺസൾട്ടേഷൻ മുറികൾ, സ്ത്രീകളുടെയും പുരുഷന്മാരുടെയും ജനറൽ വാർഡുകൾ, പീഡിയാട്രിക് വാർഡ്, ഡയാലിസിസ് യൂണിറ്റ്, ലേബർ വാർഡ്, ലേബർ റൂം, ലേബർ ഒ.ടി. റൂം (ഓപ്പറേഷൻ തിയേറ്റർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ), എൻ.ഐ.സി.യു. എന്നിങ്ങനെയുള്ള ആധുനിക സൗകര്യങ്ങൾ കെട്ടിടം പൂർത്തിയായാൽ ആശുപത്രിയിൽ ലഭ്യമാകുന്നതാണ്. പൊതുവെ ഡി.എച്ച്.എസ്. -ന് കീഴിലുള്ളതും ഡി.എം.എ.-യുടെ കീഴിലുള്ളതുമായിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഒരു സ്പെഷ്യൽ ഉദ്യോഗസ്ഥനെത്തന്നെ നിയമിച്ചുകൊണ്ടാണ് അതിന്റെ മറ്റു

പ്രവർത്തന മേൽനോട്ടങ്ങൾ നിർവ്വഹിക്കുന്നത്.

4. മലയോര കർഷകർക്ക് പട്ടയം

ശ്രീ. സനീഷ് കുമാർ ജോസഫ്: സർ, "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യ സാക്ഷാത്കാരത്തിനായി വിഷനും മിഷനും രൂപീകരിച്ച് റവന്യൂവകുപ്പ് മുന്നോട്ടുപോകുകയാണ്. എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളതും വർഷങ്ങളായി ചാലക്കുടിയിലെ ജനങ്ങൾ ജീവിക്കുന്ന, അവർ കൃഷി ചെയ്യുന്ന അവരുടെ ഭൂമിക്ക് രേഖ ലഭ്യമാക്കണമെന്നാണ്. ചാലക്കുടി താലൂക്കിൽ വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള പുറമ്പോക്കുഭൂമികളിൽ താമസിച്ചുവരുന്ന വീട്ടു നമ്പരും വൈദ്യുതി കണക്ഷനും ഉൾപ്പെടെ ലഭിച്ചിട്ടുള്ള കുടുംബങ്ങൾ പട്ടയത്തിനായി കാത്തിരിപ്പുതുടങ്ങിയിട്ട് പതിറ്റാണ്ടുകളായി. കനാൽ പുറമ്പോക്കിൽ താമസിക്കുന്ന 232 -ഓളം കുടുംബങ്ങൾക്കും സംയുക്ത പരിശോധനയും ജി.പി.എസ്. സർവ്വേയും പൂർത്തീകരിച്ചിട്ടുള്ള 1322 മലയോര കർഷകർക്കും പട്ടയം അനുവദിക്കേണ്ടതായിട്ടുണ്ട്. കൂടാതെ അതിരപ്പിള്ളി വില്ലേജിൽ പുളിയിലപ്പാറയിൽ പെരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതിക്കായി വൈദ്യുതി

വകുപ്പിന് അനുവദിച്ച 544 ഏക്കർ വനഭൂമിയിൽ വൈദ്യുതി വകുപ്പിന്റെ ഉപയോഗത്തിന് ശേഷമുള്ള ഭൂമിയിൽ 1977 നുമുമ്പായി 116 കുടുംബാംഗങ്ങൾ താമസിക്കുന്നുണ്ട്. ഇവർക്ക് കൈവശാവകാശ രേഖ നൽകുന്നതുമായി ബന്ധപ്പെട്ട് സംയുക്ത പരിശോധനാ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ തൃശ്ശൂർ ജില്ലയിൽതന്നെ വനഭൂമി പട്ടയത്തിനായി 15,000-ത്തോളം അപേക്ഷകളാണുള്ളത്. വനം, വൈദ്യുതി, ജലം വകുപ്പുമന്ത്രിമാരുടെ സംയുക്ത യോഗം വിളിച്ചുചേർത്ത് ഭൂമി റവന്യൂ വകുപ്പിന് നിക്ഷിപ്തമാക്കി ജില്ലയിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ച് അടിയന്തരമായി പട്ടയം അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രസക്തമായ ചില പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. സമീപ ഭൂതകാലത്ത് ഏറ്റവും കൂടുതൽ പട്ടയങ്ങൾ വിതരണം ചെയ്യാനുള്ള നടപടി കേരളത്തിലെടുത്തത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. ആ നടപടി വളരെ മാതൃകാപരമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയും

ചെയ്തിട്ടുണ്ട്. ആ സർക്കാരിന്റെ അനുഭവങ്ങളുടെയും നടപടികളുടെയും തുടർച്ചയാണ് ഈ ഗവൺമെന്റെ നുള്ളതുകൊണ്ട്, "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന തലവാചകവുമായി 'മിഷൻ ആന്റ് മിഷൻ (2021-26)' എന്ന പദ്ധതിയുമായി മുന്നോട്ട് പോകുമ്പോൾ റവന്യൂ വകുപ്പിന്റെ മുമ്പിലുള്ള ഏറ്റവും പ്രധാനപ്പെട്ട അജണ്ട ഭൂരഹിതരായ എല്ലാവർക്കും ഭൂമിയുണ്ടാക്കുക, അതിൽ അവകാശമുണ്ടാക്കുക, അർഹരായ എല്ലാവർക്കും പട്ടയം നൽകുക എന്നുള്ളതാണ്. അതിന്റെ ഭാഗമായി നൂറ് ദിവസത്തിനിടയിൽ 13530 പേർക്ക് പട്ടയം വിതരണം ചെയ്യാൻ ഇപ്പോൾ സാധിച്ചു. ഭൂമിയുടെ വിനിയോഗവും വിതരണവുമായി ബന്ധപ്പെട്ട് 'ജില്ലാ റവന്യൂ അസംബ്ലി' എന്ന പേരിൽ എല്ലാ ജില്ലകളിലെയും എം.എൽ.എ.-മാരുമായുള്ള ഉദ്യോഗസ്ഥന്മാരുടെ കൂടിക്കാഴ്ച തീർന്നു. ഇതിന്റെ ഭാഗമായി മന്ത്രിതന്നെ നേരിട്ട് പങ്കെടുത്ത് 14 ജില്ലകളിലെയും ജില്ലാ കളക്ടർമാർ മുതലുള്ള ഉദ്യോഗസ്ഥന്മാരുമായി ആശയവിനിമയം നടത്തി സൂക്ഷ്മതലത്തിലുള്ള ഒരു പരിപാടി തയ്യാറാക്കിവരികയാണ്. അപേക്ഷ നൽകിയവരുടെയും ഒരിക്കലും അപേക്ഷ നൽകാത്ത, ഭൂമി മലയാളത്തിൽ ഒരു സെന്റ് ഭൂമിക്കുപോലും

അവകാശമില്ലാത്ത, ഭൂരഹിതരുടെയും ഉൾപ്പെടെ കണക്കെടുത്തുകൊണ്ട് മൂന്ന് മാസമായി പ്രത്യേകം തയ്യാറാക്കിയ പരിപാടിയനുസരിച്ച് പട്ടയ വിതരണത്തിന് ഒരു ഡാഷ് ബോർഡ് റവന്യൂ വകുപ്പ് തയ്യാറാക്കുകയാണ്. അതിനായി മന്ത്രിയുടെ ഓഫീസിലും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലും പ്രത്യേക സെക്ഷൻ ഇതിനകം ആരംഭിച്ചുകഴിഞ്ഞു. നേരത്തെ സൂചിപ്പിച്ചതുപോലെ, സമുദ്രതീരത്തോട് ചേർന്ന് ചുണ്ണാമ്പുകല്ല് മാർക്കുചെയ്ത പ്രദേശത്തിനും വനത്തിലെ ജണ്ടയിട്ട പ്രദേശത്തിനും ഇടയിലുള്ള സ്ഥലമാണ് റവന്യൂ വകുപ്പിന് പട്ടയമായി കൊടുക്കാൻ കഴിയുക. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ചാലക്കുടിയിൽ മാത്രമല്ല, കേരളത്തിൽ എല്ലായിടത്തും ഈ പ്രശ്നങ്ങളുള്ളതുകൊണ്ട് തദ്ദേശസ്വയംഭരണം, വനം, ജലവിഭവം, പൊതുമരാമത്ത്, വൈദ്യുതി എന്നീ വകുപ്പുമന്ത്രിമാരുമായി ഇക്കാര്യത്തിൽ ആശയവിനിമയം നടത്താനുള്ള തയ്യാറെടുപ്പിലാണ് റവന്യൂ വകുപ്പ് ഏർപ്പെട്ടിരിക്കുന്നത്. അതിൽ ഏറ്റവും പ്രധാനം മലയോര പട്ടയമാണ്. 1993-ലെ ചട്ടമനുസരിച്ച് ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കി സെൻട്രൽ ഗവൺമെന്റിന്റെകൂടി അനുവാദത്തോടെ മാത്രമേ ആ പട്ടയം വിതരണം

ചെയ്യാൻ കഴിയുകയുള്ളൂ. ഈ പ്രവർത്തനങ്ങളിൽ വളരെ വേഗതയിലുള്ള നടപടികളാണ് ഗവൺമെന്റ് എടുക്കുന്നത്. ചാലക്കുടി താലൂക്കിലെ പട്ടയവിതരണവുമായി ബന്ധപ്പെട്ട് വളരെ ക്രിയാത്മകമായ നടപടികളാണ് സർക്കാർ ഇപ്പോൾ സ്വീകരിക്കുന്നത്. 01-06-2016 മുതൽ 31-08-2021 വരെയുള്ള കാലയളവിൽ 1964, 95 ചട്ടങ്ങൾ പ്രകാരം 48 പട്ടയങ്ങളും 1993-ലെ ചട്ടപ്രകാരം 65 പട്ടയങ്ങളും 45 കോളനി പട്ടയങ്ങളും ഇനാം, കാണം ഭൂമികളുടെ ജന്മാവകാശം നൽകിയ 645 കേസുകളും ഉൾപ്പെടെ 822 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ഈ സർക്കാരിന്റെ നൂറ് ദിന പദ്ധതിയിലുൾപ്പെടുത്തി 81 പട്ടയങ്ങൾ വിതരണം ചെയ്യാനും സാധിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിൽ തദ്ദേശസ്വയംഭരണം, ജലവിഭവം, പൊതുമരാമത്ത്, വനം എന്നീ വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമികളിൽ വർഷങ്ങളായി താമസിച്ചുവരുന്നതും വീട്ടുനമ്പരും വൈദ്യുതി കണക്ഷനുമുള്ള കുടുംബങ്ങൾക്ക് പ്രസ്തുത വകുപ്പുകളിൽനിന്ന് എൻ.ഒ.സി. ലഭിക്കുന്നമുറയ്ക്ക് പട്ടയം ലഭ്യമാക്കാൻ കഴിയുന്നവരുടെ വിവരം താഴെപ്പറയും പ്രകാരമാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ - 94

ഇറിഗേഷൻ പുറമ്പോക്ക് - 22

പി.ഡബ്ല്യൂ.ഡി. പുറമ്പോക്ക് - 54

ചട്ട രൂപീകരണത്തിനുശേഷം വനഭൂമി പട്ടയ വിതരണത്തിനും വലിയ പുരോഗതിയുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 826 കേസ്സുകളിലായി 264.1516 ഹെക്ടർ വനഭൂമിക്ക് നാളിതുവരെ സർക്കാരുകൾ പട്ടയം നൽകിയിട്ടുണ്ട്. ചാലക്കുടി താലൂക്ക് പരിധിയിൽ വനഭൂമി പട്ടയത്തിന് അർഹരായവരിൽ കേന്ദ്രാനുമതി ലഭിച്ചവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്. റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയാക്കി ജെ.വി.ആർ. ലിസ്റ്റിലുൾപ്പെടുത്തിയിട്ടുള്ള 1322 പേരുടെ ഭൂമികളിൽ ജി.പി.എസ്. സർവ്വേ, കഴിഞ്ഞ കുറച്ചുകാലത്തിനിടയിൽ പൂർത്തിയാക്കി കേന്ദ്രാനുമതിക്ക് അയയ്ക്കുന്നതിനുവേണ്ടി ടോപോഷീറ്റിൽ ഡാറ്റാ എൻട്രി ചെയ്യുന്ന ജോലികൾ അന്തിമഘട്ടത്തിലാണ്. അർഹരായ എല്ലാവർക്കും നിയമാനുസൃതമായി എത്രയുംവേഗം പട്ടയം നൽകണമെന്നാണ് സർക്കാരിന്റെ നയം. മേൽ പ്രസ്താവിച്ച 1993-ലെ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കേന്ദ്രാനുമതി ലഭിച്ചാലുടനെ വനഭൂമി പട്ടയ

വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ടതുപോലെ സ്പെഷ്യൽ ഓഫീസ് അടക്കമുള്ള നടപടികളിലേയ്ക്ക് സർക്കാർ ഇടപെട്ട് വരികയാണ്.

5. പാലത്തിന്റെ പുനർനിർമ്മാണം

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി നഗരസഭയുടെയും പായിപ്പാട് പഞ്ചായത്തിന്റെയും അതിർത്തിയിൽ മേജർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം ലാപ്പാലം കനാലിന് കുറുകെ നിർമ്മിച്ച പെരുമ്പുഴക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് താഴ്ന്നുപോയതുകാരണം 12 മീറ്റർ നീളമുള്ള പാലം ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. 2010-ൽ ലാപ്പാലം കനാലിന് കുറുകെ ഒരു താല്ക്കാലിക റോഡ് നിർമ്മിച്ചതുമൂലം കനാലിലെ ഒഴുക്ക് തടസ്സപ്പെടുകയും സമീപപ്രദേശങ്ങളിൽ വെള്ളപ്പൊക്കമുണ്ടാവുകയും ചെയ്യുന്നു. താല്ക്കാലിക റോഡ് നിർമ്മിച്ചതുമൂലം ജലഗതാഗതവും തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത പാലം ചങ്ങനാശ്ശേരിയും പൂവവും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു മാർഗ്ഗമാണ്. കൂടാതെ ഈ പാലത്തിൽ അധിക ഭാരം കയറ്റാൻ പാടില്ലെന്നുള്ള IDRB (Irrigation Design and Research Board)-

യുടെ നിർദ്ദേശവുമുണ്ട്. ഇതുകാരണം സമീപമുള്ള വിവിധ പാടശേഖരങ്ങളിലേയ്ക്കുള്ള കൊയ്ത്ത് യന്ത്രങ്ങൾ എത്തിക്കുന്നതിനും നെല്ല് കൊണ്ടുപോകുന്നതിനുള്ള ലോറികൾ, ബസ് സർവ്വീസുകൾ എന്നിവ നടത്തുന്നതിനും ബുദ്ധിമുട്ടുകയാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത പാലം ഇരട്ടപ്പാത ഗതാഗതം ഉൾക്കൊള്ളാൻ പാകത്തിൽ വീതികൂട്ടി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം. ഇന്ത്യൻ നാവിഗേഷന്റെ ഗൈഡ് ലൈൻ പാലിച്ചുകൊണ്ട് പുതിയ പാലം നിർമ്മിക്കാൻ എത്രയുംവേഗം നടപടിയെടുക്കണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ആലപ്പുഴ – ചങ്ങനാശ്ശേരി കനാലിന്റെ ഫീഡർ കനാലായ ലാപ്പാലം കനാലിന് കുറുകെ 2010-ൽ നിലവിലുള്ള പെരുമ്പുഴക്കടവ് പാലവും അതിന്റെ അപ്രോച്ച് റോഡും കോട്ടയം മേജർ ഇറിഗേഷൻ വകുപ്പിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിക്കുകയും 26-02-2010-ൽ ഗതാഗതത്തിന് തുറന്നുകൊടുക്കുകയും ചെയ്തു. എന്നാൽ പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്നുപോയ സാഹചര്യമാണ്

പിന്നീടുണ്ടായത്. പാലം ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിൽ പിന്നീട് കനാലിന് കുറുകെ ഒരു താല്ക്കാലിക റോഡ് നിർമ്മിക്കുകയും അത് കനാലിലെ സുഗമമായ നീരൊഴുക്കിനെ സാരമായി ബാധിക്കുകയും മഴക്കാലത്ത് സമീപപ്രദേശങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകുന്നതിന് കാരണമാവുകയും ചെയ്തിട്ടുണ്ട്. പ്രശ്നപരിഹാരത്തിനായി കനാലിന്റെ പൂർണ്ണവീതി ഉൾക്കൊണ്ടുകൊണ്ട് ഒരു പുതിയ അപ്രോച്ച് റോഡ് IDRB (Irrigation Design and Research Board) രൂപകല്പന ചെയ്തതിൻപ്രകാരം 4.25 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് ടെണ്ടർ നടപടി പുരോഗമിക്കെ അപ്രോച്ച് റോഡിന്റെ അളവുകൾ സംബന്ധിച്ച് ഐ.ഡി.ആർ.ബി.-യിൽനിന്ന് ലഭ്യമായ ഡിസൈൻ അളവുകളിൽ വ്യക്തത വരുത്തുന്നതിനായി 2019-ൽ ഐ.ഡി.ആർ.ബി.-യുമായി ബന്ധപ്പെടുകയും ഐ.ഡി.ആർ.ബി. നേരിട്ട് കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തുടർനിർദ്ദേശം നൽകിയതിൽ ഭാരമുള്ള വാഹനങ്ങൾ പാലത്തിൽ കയറുന്നത് നിയന്ത്രിക്കണമെന്നും സിംഗിൾ ലൈൻ ട്രാഫിക് മാത്രമേ അനുവദിക്കാവൂ എന്നും 50 ടണ്ണിൽത്താഴെ ഭാരമുള്ള വാഹനങ്ങൾ മാത്രമേ കടത്തിവിടാവൂ എന്നും നിർദ്ദേശിച്ചിരുന്നു.

എന്നിരുന്നാലും ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച കാര്യങ്ങൾ വളരെ പ്രസക്തമാണ്. അതെല്ലാം വളരെ വ്യക്തമായി മനസ്സിലാക്കുന്നുണ്ട്. അവിടെ രണ്ടുവരി പാതയ്ക്കുള്ള വാഹന ബാഹുല്യമുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. രണ്ടുവരിപ്പാത വേണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടിട്ടുള്ളത്. ഇപ്പോൾ പ്രസ്തുത സ്ഥലത്ത് വെള്ളപ്പൊക്ക നിർമ്മാർജ്ജനത്തിനായി അടിയന്തരമായി താല്ക്കാലിക പൈപ്പ് കൾവർട്ട് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. എം.എൽ.എ.-യുടെ നിർദ്ദേശാനുസരണം അതിന്റെ ഗൗരവം മനസ്സിലായതിന്റെ പശ്ചാത്തലത്തിൽ 2018-ലെ DCR (Design Concern Report) പ്രകാരം രണ്ടുവരിപ്പാതയ്ക്കുള്ള പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതാണ്.

6. ഭെൽ - ഇ.എം.എൽ. കമ്പനിയുടെ പ്രവർത്തനം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സബ്മിഷന് നോട്ടീസ് നൽകുമ്പോൾ അതിനോടൊപ്പം വിശദീകരണക്കുറിപ്പ് നൽകാറുണ്ട്. ഞാൻ ഈ സബ്മിഷൻ നൽകുമ്പോൾ അതിനോടൊപ്പം വിശദീകരണക്കുറിപ്പ് വച്ചിരുന്നില്ല.

ഉന്നയിക്കുന്ന കാര്യങ്ങളെക്കുറിച്ച് മന്ത്രിമാർക്ക് അവബോധമുണ്ടാകുന്നതിനുവേണ്ടിയാണ് സാധാരണ വിശദീകരണക്കുറിപ്പ് വയ്ക്കുന്നത്. ഞാനിവിടെ ഉന്നയിക്കുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് നല്ല അവബോധമുണ്ട്. ചുരുങ്ങിയ ദിവസത്തിനുള്ളിൽ അദ്ദേഹം കാര്യങ്ങൾ മനസ്സിലാക്കി ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ വിശദീകരണക്കുറിപ്പ് വയ്ക്കാത്തത്. ഈ വിഷയത്തിൽ ഫലപ്രദമായ നടപടി സ്വീകരിച്ച ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു.

ഭെൽ-ഇ.എം.എൽ. കമ്പനിയുടെ 51 ശതമാനം ഓഹരികൾ വാങ്ങാനുള്ള എഗ്രിമെന്റ് ഓഫ് സെയിൽ/ഷെയർ 07-09-2019-നാണ് കേരള സർക്കാർ അംഗീകരിച്ചത്. 2021 മേയ് 11-നാണ് ഭെൽ-ഇ.എം.എൽ. കമ്പനിയുടെ 51 ശതമാനം ഓഹരി സംസ്ഥാന സർക്കാരിന് കൈമാറാൻ ഡൽഹിയിലെ BHEL ഹൗസിൽനിന്ന് തീരുമാനമുണ്ടായത്. കാസർഗോഡ് കെൽ യൂണിറ്റ് 2011 മാർച്ച് 28-നാണ് ഭെൽ ആയി മാറിയത്. കാസർഗോഡ് ജില്ലയിലെ ഏക പൊതുമേഖലാ സ്ഥാപനമാണിത്. 1987-ൽ അന്നത്തെ വ്യവസായ

വകുപ്പുമന്ത്രിയായിരുന്ന ഇ. അഹമ്മദ് സാഹിബ് ആണ് അതിന് തറക്കല്ലിട്ടത്. 1990-ൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ. കെ. നായനാരാണ് അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. 2020 മാർച്ച് 20 മുതൽ കമ്പനി അടച്ചിട്ടു. 156 തൊഴിലാളികൾക്ക് 34 മാസമായി ശമ്പളം ലഭിച്ചിട്ടില്ല. ഓണം, വിഷു, ക്രിസ്തുമസ്സ്, പെരുന്നാൾ ഇതെല്ലാം വന്നപ്പോഴും തൊഴിലാളികൾ പട്ടിണിയിലായിരുന്നു. ഒരു ഓണത്തിനുമാത്രം സർക്കാർ 10,000/- രൂപവീതം തൊഴിലാളികൾക്ക് കൊടുത്തിട്ടുണ്ട്. കോവിഡ്-19 കാലഘട്ടത്തിൽ സമൂഹത്തിലെ എല്ലാ മേഖലകളിലുമുള്ള ആളുകൾ പ്രത്യേകിച്ച് തൊഴിലാളികൾ ദുരിതപൂർണ്ണമായ ജീവിതമാണ് നയിച്ചത്. ആ സമയത്തുപോലും മാസങ്ങളായി ശമ്പളം കിട്ടാതെ കഷ്ടപ്പെടുന്ന, പ്രയാസപ്പെടുന്ന ഈ കമ്പനിയിലെ തൊഴിലാളികൾക്ക് ഒരു നയാപൈസപോലും കൊടുത്തില്ലായെന്നുള്ളതാണ് പരമാർത്ഥം. വർഷങ്ങൾക്കുമുൻപ് പ്രഖ്യാപിച്ച വർദ്ധനവ് പ്രകാരമുള്ള കുടിശ്ശികയും ജീവനക്കാർക്ക് കൊടുത്തുതീർക്കാനുണ്ട്. ശമ്പളപരിഷ്കരണ കുടിശ്ശികയുടെ ഭാഗമായുള്ള കമ്പനിയുടെ ബാദ്ധ്യത 428.51 ലക്ഷം രൂപയാണെന്ന് 05.11.2019-ൽ അന്നത്തെ വ്യവസായ വകുപ്പുമന്ത്രി

നിയമസഭയിൽ പറഞ്ഞിട്ടുള്ള കാര്യമാണ്. ശമ്പള കുടിശ്ശിക തീർക്കാൻവേണ്ടി മാത്രം 14 കോടി രൂപ നീക്കിവച്ചിട്ടുള്ളതായി ബഹുമാന്യനായ മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ആ പ്രഖ്യാപനം പ്രാവർത്തികമാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ സർവ്വീസിൽനിന്നും പിരിഞ്ഞുപോയവർക്ക് ഒരു നയാപൈസയുടെ ആനുകൂല്യംപോലും നൽകാൻ കഴിഞ്ഞിട്ടില്ല. അവർക്ക് അത് നൽകണം.

കഴിഞ്ഞയാഴ്ച വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ശ്രീ. മുഹമ്മദ് ഹനീഷ് കാസർഗോഡ് വരികയും തൊഴിലാളി നേതാക്കളുമായി സംസാരിക്കുകയും ചെയ്തു. കാസർഗോഡ് എം.എൽ.എ എന്നനിലയിൽ ഞാൻ അദ്ദേഹവുമായി ബന്ധപ്പെട്ടിരുന്നു. ഞാൻ അന്ന് സ്ഥലത്ത് ഉണ്ടായിരുന്നില്ല. വളരെ പോസിറ്റീവായ അപ്രോച്ചാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. ഇപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്, കെൽ-ന്റെ ഒരു സബ്സിഡിയറിയായി അവിടെ പ്രവർത്തനം തുടങ്ങുമെന്നാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, കെൽ നമ്മൾ ഭെൽ-നെ ഏല്പിക്കുമ്പോൾ കയ്യുംകാലുമുണ്ടായിരുന്നു, നല്ല സൗന്ദര്യമുണ്ടായിരുന്നു. കെൽ-ന്റെ ആ

സൗന്ദര്യത്തോടെ കയ്യും കാലുമുള്ള കെൽ തന്നെ കാസർഗോഡ് പ്രവർത്തനം തുടങ്ങണമെന്നതന്നെയാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ഇന്നലെ ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെ ആവേശകരമായ പ്രസംഗം നമ്മൾ സഭയിൽ കേട്ടു. അദ്ദേഹം പറഞ്ഞത് പൊതുമേഖലാസ്ഥാപനത്തെ നശിപ്പിക്കുകയെന്നത് മുതലാളിത്തത്തെ പ്രോത്സാഹിപ്പിക്കുന്നതിന് തുല്യമാണെന്നാണ്. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയും മുതലാളിത്തത്തെ പ്രോത്സാഹിപ്പിക്കുകയില്ലായെന്ന് എനിക്ക് നല്ലതുപോലെ അറിയാം. കാസർഗോഡുള്ള ഏക പൊതുമേഖലാ സ്ഥാപനമായ ഭെൽ ഇപ്പോൾ കെൽ ആയി മാറിയിരിക്കുകയാണ്. ആ പൊതുമേഖലാസ്ഥാപനത്തെ രക്ഷിക്കുവാനും സംരക്ഷിക്കുവാനുമുള്ള ഒരു നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. അങ്ങ് ഇന്ന് ഒരു പ്രഖ്യാപനം നടത്തണം. ഈ പ്രഖ്യാപനം കേട്ട് ഇന്ന് കാസർഗോഡ് ജില്ല മുഴുവനും സന്തോഷംകൊണ്ട് തുള്ളിച്ചാടട്ടെ എന്നാണ് എനിക്ക് പറയാനുള്ളത്. അത്തരത്തിലുള്ള ഒരു പ്രഖ്യാപനം അങ്ങയിൽനിന്നും

പ്രതീക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ എം.എൽ.എ ഈ പ്രശ്നം പലതവണ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ മുൻ എം.പി., പി. കരുണാകരൻ ഈ പ്രശ്നത്തിൽ കേന്ദ്രത്തിലും കേരളത്തിലും തുടർച്ചയായി ഇടപെട്ടുകൊണ്ടിരുന്നതാണ്. അദ്ദേഹം ഇവിടെ പറഞ്ഞതുപോലെ, പൊതുമേഖലയെ സംരക്ഷിക്കുകയെന്ന നയംതന്നെയാണ് കേരള സർക്കാരിനുള്ളത്. അക്കാര്യത്തിൽ ഒരു സംശയവും അങ്ങേയ്ക്ക് വേണ്ടായെന്നാണ് എനിക്ക് ഉറപ്പുനൽകാനുള്ളത്. അതുകൊണ്ടാണ് ഭെൽ സ്വകാര്യവത്കരിക്കാൻ കേന്ദ്രം തീരുമാനിച്ചപ്പോൾ ഭെൽ-നോട് ചേർന്ന കെൽ-ന്റെ യൂണിറ്റ് തിരിച്ച് ഏറ്റെടുക്കുന്നതിന് സംസ്ഥാനസർക്കാർ തയ്യാറായത്. ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു സ്ഥാപനമായിരുന്നുവെന്നത് ശരിയാണ്. എന്നാൽ ഭെൽ ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചതിനുശേഷം നഷ്ടത്തിലാണ് നിൽക്കുന്നത്. എന്നാൽ ഒരു ആവേശത്തിന്റെ പുറത്ത് കയ്യടി കിട്ടുന്നതിനുള്ള പ്രഖ്യാപനം നടത്തുക

എന്നുള്ള രീതി ഈ സർക്കാർ സ്വീകരിക്കുന്നില്ല. കാരണം ഒരു ആഹ്ലാദം ഇന്ന് പ്രകടിപ്പിച്ചുകഴിഞ്ഞാൽ രണ്ടുവർഷം കഴിഞ്ഞ് വീണ്ടും കണ്ണീരുണ്ടാകാതിരിക്കാനുള്ള ജാഗ്രത ഒരു ഗവൺമെന്റിന് എപ്പോഴുമുണ്ടായിരിക്കണം. അതുകൊണ്ട് നഷ്ടത്തിൽതന്നെ പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാസ്ഥാപനം ഉണ്ടാക്കണമെന്ന ഒരു കാഴ്ചപ്പാട് എനിക്കില്ല. പുതുതായി ഏറ്റെടുക്കുമ്പോൾ ലാഭകരമായി പ്രവർത്തിക്കാൻ കഴിയുന്ന സ്ഥാപനമാക്കുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. പഴയതുപോലുള്ള ഒരു സ്ഥാപനം എന്ന കാഴ്ചപ്പാടല്ല സർക്കാരിനുള്ളത്. അതിന്റെ ഭാഗമായി ഇവിടെ പറഞ്ഞതുപോലെ, ഭെൽ ഏറ്റെടുക്കാൻ തത്വത്തിൽ തീരുമാനിച്ചു. എഗ്രിമെന്റ് ഓഫ് സെയിൽ ഒപ്പുവച്ചു. കഴിഞ്ഞ സെപ്റ്റംബർ 8-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏറ്റെടുക്കൽ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. 77 കോടി രൂപയുടെ അധികചെലവ് വരുന്ന ഒരു വികസന പദ്ധതി സർക്കാർ ഇപ്പോൾ ആവിഷ്കരിച്ചിട്ടുണ്ട്. കമ്പനിയുടെ നിലവിലുള്ള യന്ത്രസാമഗ്രികൾ പുനരുദ്ധരിക്കുന്നതോടൊപ്പം വൈവിധ്യവത്കരണത്തിന്റെ ഭാഗമായി പുതിയ യന്ത്രസാമഗ്രികൾകൂടി ഉൾപ്പെടുത്തി കമ്പനി നവീകരിക്കാനാണ്

ആലോചിക്കുന്നത്. ആൾട്ടർനേറ്ററുകളുടെയും ഡീസൽ ജനറേറ്ററുകളുടെയും ഉല്പാദനത്തിന് പുറമെ, ട്രാക്ഷൻ മോട്ടോർ കൺട്രോൾസ് പ്രതിരോധമേഖലയ്ക്കാവശ്യമായ ആൾട്ടർനേറ്റീവ്സ്, വൈദ്യുതി മേഖലയ്ക്കാവശ്യമായ സ്ട്രീറ്റ് ലൈറ്റ്, കൺട്രോളേഴ്സ് തുടങ്ങിയവ നിർമ്മിക്കുന്നതിലൂടെ കൂടുതൽ വിപണി സാധ്യത കണ്ടെത്താനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. കമ്പനി ഏറ്റെടുത്തശേഷം താഴെപറയുന്ന നടപടികൾ സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്. കമ്പനിയുടെ ഡയറക്ടർ ബോർഡ് പുനഃസംഘടിപ്പിച്ചു, കമ്പനിയുടെ കുടിശ്ശികയായിട്ടുള്ള ഓഡിറ്റിംഗ് പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചു, 2019-20 വരെയുള്ള ഓഡിറ്റുകൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. 2020-21 ഓഡിറ്റിംഗ് പ്രക്രിയ ആരംഭിച്ചിരിക്കുന്നു. കൂടാതെ കമ്പനിയുടെ പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കി അതിന്റെ എല്ലാവശങ്ങളും പഠനത്തിന് വിധേയമാക്കി. കമ്പനിയെ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിന്റെ ഒരു സബ്സിഡിയറി യൂണിറ്റായി നിലനിർത്തി മുന്നോട്ടുകൊണ്ടുപോകുകയെന്നതാണ് ഇപ്പോൾ ഗവൺമെന്റ് കണ്ടിട്ടുള്ളത്.

അതിന്റെ പരിവർത്തനഘട്ടത്തിലൂടെ സ്ഥാപനത്തെ മെച്ചപ്പെട്ട രൂപത്തിലാക്കി മാറ്റിയതിനുശേഷം അങ്ങ് പറയുന്നതുപോലെ, കെൽ-ന്റെ തന്നെയാക്കണോ പ്രത്യേക യൂണിറ്റാക്കണോ എന്നുള്ള കാര്യം ആ ഘട്ടത്തിൽ നമുക്ക് പരിഗണിക്കാവുന്നതാണ്. കെൽ-ൽ നേരത്തെ 58 വയസ്സായിരുന്നു. ഇപ്പോൾ ബി.ഇ.എൽ.സി-യിൽ 60 വയസ്സാണ്. അങ്ങനെയുള്ള ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് ട്രേഡ് യൂണിയനുകളുമായി മന്ത്രി എന്നനിലയിൽ ഞാൻ തന്നെ ആദ്യം ഒരു ചർച്ച നടത്തിയിരുന്നു. എല്ലാ ട്രേഡ് യൂണിയനുകളുടെയും എക്സ്റ്റേണൽ ലീഡർമാർ ഉണ്ടായിരുന്നു. അതിനുശേഷം കമ്പനിയുടെ ചെയർമാൻ എന്ന നിലയിൽ പ്രിൻസിപ്പൽ സെക്രട്ടറി അവിടെപോയി അവരുമായി ചർച്ച നടത്തിയിരുന്നു. എങ്ങനെ ഇത് മുന്നോട്ടുകൊണ്ടുപോകണമെന്നുള്ളത് സംബന്ധിച്ച് എല്ലാ ട്രേഡ് യൂണിയനുകളുമായി ഒരു എം.ഒ.യു ഒപ്പുവയ്ക്കണമെന്നാണ് സർക്കാർ കരുതുന്നത്. പുതിയ സ്ഥാപനത്തിലേയ്ക്ക് ജീവനക്കാരെ റിക്രൂട്ട് ചെയ്യണം, കാരണം നേരത്തെ നമ്മുടെ സ്ഥാപനം അങ്ങോട്ടുമാറിയപ്പോൾ അവർ പുതിയതായിട്ടാണ് റിക്രൂട്ട് ചെയ്തത്. നമ്മളും നമ്മുടെ വ്യവസ്ഥകളോടെ റിക്രൂട്ട്

ചെയ്യേണ്ടതായിട്ടുണ്ട്. അങ്ങനെ ചെയ്യുമ്പോൾ തൊഴിലാളികളുടെ ഇതേവരെയുള്ള സർവ്വീസ് പൂർണ്ണമായി പരിഗണിച്ചുകൊണ്ടുള്ള പാക്കേജ് തയ്യാറാക്കുന്നുണ്ട്. അവരുടെ കുടിശ്ശിക ശമ്പളം യഥാർത്ഥത്തിൽ കേന്ദ്രസ്ഥാപനമായ ബി.എച്ച്.ഇ.എൽ നൽകേണ്ടതായിരുന്നു. എന്നാൽ ആ ന്യായം പറഞ്ഞ് കയ്യൊഴിയാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. കഴിയാവുന്നത്ര ഏത് രൂപത്തിൽ നൽകാൻ കഴിയുമെന്നത് സംബന്ധിച്ചുള്ള ഒരു പഠനം അവരുംകൂടി ഉൾപ്പെടുന്ന കമ്മിറ്റി നടത്തിക്കൊണ്ടിരിക്കുകയാണ്. ട്രേഡ് യൂണിയൻ പ്രതിനിധികളെയും അതിനകത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. അവരുടെ പ്രൊപ്പോസൽ ഗവൺമെന്റ് പരിഗണിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുന്നതാണ്. കമ്പനിയുടെ തുടർപ്രവർത്തനത്തിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന്റെ ഭാഗമായി ഉപധനാഭ്യർത്ഥനയിലൂടെ ബഡ്ജറ്റിൽ ന്യൂ സർവ്വീസസിന് കീഴിൽ ടോക്കൺ പ്രൊവിഷൻ അനുവദിക്കുകയും ഇതിലേയ്ക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സർക്കാർതലത്തിൽ സ്വീകരിച്ചുവരികയുമാണ്. അങ്ങ് ഒരു കാര്യം പറഞ്ഞപ്പോൾ വിട്ടുപോയിയെന്ന് തോന്നുന്നു. അങ്ങ് ആവശ്യപ്പെട്ടതിന്റെയും ട്രേഡ് യൂണിയനുകൾ

ആവശ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ഇത്തവണ പ്രത്യേക അനുമതി നൽകിക്കൊണ്ട് RIAB-ൽ നിന്നുതന്നെ പണം നൽകി ഓണത്തിന് തൊഴിലാളികൾക്ക് സഹായം നൽകിയിട്ടുണ്ട്. അത് അങ്ങ് വിട്ടുപോയിരിക്കാനാണ് ഇടയുള്ളത്. ഇപ്രകാരം പരിശോധിച്ചുകൊണ്ട് കേരളസർക്കാരിന്റെ കീഴിൽ എത്രയും പെട്ടെന്നുതന്നെ കമ്പനി തുറന്നുപ്രവർത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

7. ഉദ്യാനം നവീകരിക്കൽ

ശ്രീ. എ. പ്രഭാകരൻ: സർ, ദക്ഷിണേന്ത്യയിലെ ഏറ്റവും പ്രധാന ടൂറിസ്റ്റ് കേന്ദ്രമാണ് മലമ്പുഴ. ലക്ഷക്കണക്കിന് വിനോദസഞ്ചാരികൾ അവിടെ വന്നുപോയിരുന്നതാണ്. മലമ്പുഴ ഡാമിനോടനുബന്ധിച്ച് 128 ഏക്കർ വിസ്തൃതിയുള്ള ഉദ്യാനമാണുള്ളത്. ഇൻഡ്യാരാജ്യത്ത് ഒരു ഡാമിനോടനുബന്ധിച്ചും ഇത്രയും വിസ്തൃതിയുള്ള ഉദ്യാനമുള്ള സ്ഥലം വേറെയില്ല. നമുക്കറിയാം, സുപ്രസിദ്ധമായ മൈസൂരിലെ വൃന്ദാവനം ഇതിന്റെ നാലിലൊന്നുപോലും വിസ്തൃതിയില്ല. എന്നാൽ ഈ ഉദ്യാനം മാത്രമല്ല, കുട്ടികൾക്കായുള്ള പ്രത്യേക പാർക്ക്, തൂക്കുപാലം, റോപ് വേ, റോക്ക് ഗാർഡൻ,

സ്വിമ്മിംഗ് പൂൾ, സ്നേക്ക് പാർക്ക്, ഫിഷ് അക്വേറിയം, കാനായി കുഞ്ഞിരാമന്റെ യക്ഷി പ്രതിമ ഇതൊക്കെ ജനങ്ങളെ ആകർഷിക്കുന്ന സ്പോട്ടുകളാണ്. നിരവധി ഹിന്ദി, മലയാളം, തമിഴ് സിനിമകൾ ഇവിടെ ചിത്രീകരിച്ചിട്ടുണ്ട്. എന്റെ കുട്ടിക്കാലത്ത് ധർമ്മേന്ദ്ര, ഹേമമാലിനി, ശശികപൂർ, ആശാപരേഖ് തുടങ്ങിയവർ അഭിനയിച്ച 'ഹം കിസിസേ കം നഹിം', 'ആയാ സാവൻ ജൂം കെ' തുടങ്ങിയ ഹിന്ദി സിനിമകൾ, സുപ്രസിദ്ധനായ നടികർ തിലകം ശിവാജി ഗണേശനും സരോജാദേവിയും അഭിനയിച്ച 'ആലേയമണി' സിനിമ ഇവയൊക്കെ അവിടെയാണ് ഷൂട്ട് ചെയ്തത് ' പണമോ പാശമോ' സിനിമ അവിടെയാണ് എടുത്തത്. അതുപോലെ 'പടയോട്ടം' മുതൽ നിരവധി മലയാള സിനിമകൾ ഷൂട്ട് ചെയ്ത സ്ഥലമാണ് മലമ്പുഴ. ഇപ്പോൾ അതൊക്കെ മങ്ങുന്ന ഒരവസ്ഥയിലേയ്ക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. കോവിഡ്-19 മഹാമാരി വരുന്നതിനുമുൻപ് 2019-ൽ മാത്രം 18 ലക്ഷം സഞ്ചാരികളാണ് അവിടെ ഉദ്യാനം കാണാനെത്തിയത്. ടിക്കറ്റ് വരുമാനം മാത്രം നാലരക്കോടി രൂപയാണ്. ഇതിനുപുറമെ, ഈ ഡാമിന് ചുറ്റും ബഹുമാനപ്പെട്ട പി.ഡബ്ല്യു.ഡി മിനിസ്റ്റർ കൂടിയായ ടൂറിസം വകുപ്പുമന്ത്രിതന്നെ മുൻകയ്യെടുത്തുകൊണ്ട് 32

കിലോമീറ്റർ ദൂരം റിംഗ് റോഡ് നിർമ്മിക്കുന്നതിന് ഇപ്പോൾ ടെണ്ടർ കഴിഞ്ഞിട്ടുണ്ട്. അതുകൂടി പൂർത്തിയായാൽ ഈ വനഭംഗി കൂടും. അതുപോലെതന്നെ വേനൽക്കാലത്തുപോലും ഒഴുകുന്ന നദികൾ, മലയഴക് ഇതൊക്കെ കാണാൻ ആയിരങ്ങൾ അവിടെ വരും. പ്രധാന കേന്ദ്രമായ ഉദ്യാനത്തിന്റെ കാര്യം വളരെ ദയനീയാവസ്ഥയിലാണ്. കാലാനുസൃതമായ നവീകരണവും ആധുനികസൗകര്യങ്ങളും ഇവിടെ ഏർപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്. സത്യത്തിൽ അവിടത്തെ വികസനത്തിന് പ്രധാനതടസ്സം വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മയാണ്. മലമ്പുഴ ഉദ്യാനമെന്ന് പറയുന്നത് ഇറിഗേഷൻ വകുപ്പിന്റെ കീഴിലാണ്. ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ഇറിഗേഷൻ ഉദ്യോഗസ്ഥരുടെ സഹകരണം ലഭിക്കുന്നില്ലായെന്നതാണ് പ്രധാന പ്രശ്നം. ഞാനൊരു ഉദാഹരണം പറയാം, 2018-19 -ൽ സംസ്ഥാന ബഡ്ജറ്റിൽ മലമ്പുഴ ഉദ്യാന നവീകരണത്തിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് 10 കോടിരൂപ അനുവദിച്ചിരുന്നു. നാളിതുവരെ അതിന്റെ എസ്റ്റിമേറ്റുപോലും തയ്യാറാക്കിയിട്ടില്ല. അതുമാത്രമല്ല, വേൾഡ് ക്ലാസ്സ് ടോയ്‌ലെറ്റ് നിർമ്മാണത്തിന് ടൂറിസം വകുപ്പ് 1.36 കോടി രൂപ

അനുവദിച്ചുവെങ്കിലും ഇറിഗേഷൻ വകുപ്പ് എൻ.ഒ.സി കൊടുക്കാത്തതുകൊണ്ട് ഒരു നടപടിയും സ്വീകരിച്ചില്ല. അപ്പോൾ ഇറിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കി ടൂറിസം വകുപ്പ് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാക്രമത്തിൽ പ്രവൃത്തികൾ ടൂറിസം വകുപ്പുതന്നെ നടത്തുന്നതാണ് മലമ്പുഴയുടെ വികസനത്തിന് ഏറ്റവും അഭികാമ്യം. മറ്റൊന്നുകൂടി സൂചിപ്പിച്ച് ഞാൻ അവസാനിപ്പിക്കാം. ഇറിഗേഷൻ - ടൂറിസം വകുപ്പുകളുടെ ഏകോപനത്തിനും പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും മന്ത്രിതലത്തിൽ തന്നെ യോഗം ചേരണം. ഉദ്യോഗസ്ഥന്മാർ ചേർന്ന് സത്വരനടപടികൾ സ്വീകരിക്കണമെന്നും മലമ്പുഴയുടെ നഷ്ടപ്പെട്ട പ്രഭാവം വീണ്ടെടുക്കുന്നതിന് സാധ്യമായതെല്ലാം ചെയ്യണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ടൊരു വിനോദ സഞ്ചാര കേന്ദ്രമാണ് മലമ്പുഴ എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അദ്ദേഹം ഹം കിസി സെ കം നഹിം എന്ന സിനിമയുടെ പേര് പറഞ്ഞതുപോലെ,

മലമ്പുഴ ഒന്നിനും കുറവുള്ളതല്ല. ആഭ്യന്തര വിനോദസഞ്ചാരികളുടെ ഇഷ്ടപ്പെട്ട കേന്ദ്രമായ മലമ്പുഴ ഡാമും ഉദ്യാനവും കേരളത്തിലെ ടൂറിസത്തിന്റെ ആരംഭ കാലഘട്ടത്തിൽ തന്നെ സഞ്ചാരികളുടെ ശ്രദ്ധയാകർഷിച്ച ടൂറിസം കേന്ദ്രമാണ്. അതിൽ ആർക്കും തർക്കമില്ല. വലിയ വികസന സാദ്ധ്യത നിലനിൽക്കുന്ന ടൂറിസം കേന്ദ്രമായാണ് ടൂറിസം വകുപ്പ് മലമ്പുഴയെ കാണുന്നത്. 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 10 കോടി രൂപ അടങ്കൽ തുകയായും 20 ശതമാനം തുക വകയിരുത്തിയതനുസരിച്ച് പദ്ധതി തയ്യാറാക്കണമെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ടൂറിസം വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. ഇവിടെ ചില വിഷയങ്ങൾ അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. ഞാനത് ആവർത്തിക്കുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പ് സാദ്ധ്യതാപഠനം നടത്തി പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മലമ്പുഴയിൽ അനുവദിച്ച ഒരു കോടി മുപ്പത്തിയാറ് ലക്ഷം രൂപയുടെ വേൾഡ് ക്ലാസ് ടോയ്‌ലെറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പുമായി നേരിടുന്ന തടസ്സങ്ങൾ മാറ്റുന്നതിനുള്ള അടിയന്തരനടപടികൾ ടൂറിസം വകുപ്പ് സ്വീകരിക്കും. സംസ്ഥാനത്തെ പ്രധാന

ടൂറിസ്റ്റ് കേന്ദ്രം എന്ന നിലയിൽ മലമ്പുഴയിലെ വികസനം സർക്കാർ മുൻഗണന നൽകുന്ന ഒന്നുതന്നെയാണ്. മലമ്പുഴ ഡാം ഉൾപ്പെടെയുള്ള ഡാമുകളിലെ ടൂറിസം വികസനം സംബന്ധിച്ച് പ്രാഥമിക കൂടിയാലോചനകൾ നടന്നിട്ടുണ്ട്. ഇത് പരിശോധിക്കാൻ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി ചേർന്ന് വിശദയോഗം വിളിച്ചു ചേർക്കാൻ ആലോചിച്ചിട്ടുണ്ട്. ഇതിനകം തന്നെ ഇറിഗേഷൻ വകുപ്പുമന്ത്രിയുമായി മലമ്പുഴ പ്രശ്നം പ്രത്യേകം ശ്രദ്ധയിൽപ്പെടുത്തിയ കാര്യംകൂടി ഇവിടെ അറിയിക്കുകയാണ്. കേരളത്തിലെ ഡാമുകളുമായി ബന്ധപ്പെട്ട ഇറിഗേഷൻ ടൂറിസം സാദ്ധ്യതയുമായി ബന്ധപ്പെട്ട് വിളിച്ചുചേർക്കുന്ന യോഗത്തിൽ മലമ്പുഴ ഒരു പ്രധാന അജണ്ടയുമായിരിക്കും.

8. <u>പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തൽ</u>

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ആയിരത്തിലേറെ വർഷം പഴക്കമുള്ള പ്രധാനപ്പെട്ടൊരു പള്ളിയാണ് കക്കുളങ്ങര പള്ളി. വളപ്പട്ടണം പുരാതനമായ വാണിജ്യനഗരമാണെന്ന് എല്ലാവർക്കും അറിയാം. അവിടെ മുഹമ്മദ് ഖാസി എന്നയാളാണ് ഈ പള്ളി സ്ഥാപിച്ചത്. ഒരുപാട് വിശ്വാസികളും ആരാധകരും വരുന്നൊരു വളരെ പ്രധാനപ്പെട്ട ആരാധനാ കേന്ദ്രമാണ്. കേരളത്തിൽ ഏറ്റവും

പഴക്കമുള്ള മുസ്ലീം പള്ളികളിൽ ഒന്നാണിത്. ഇതിന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു കോടി രൂപ ടൂറിസം ഡിപ്പാർട്ടുമെന്റിന് തലശ്ശേരി പൈതൃക പദ്ധതിയുടെ ഭാഗമായി അനുവദിക്കുകയും ചെയ്തിരുന്നു. പക്ഷെ അതിന്റെ പിന്നീടുള്ള കാര്യങ്ങൾ മുന്നോട്ട് പോയിട്ടില്ല. മാത്രമല്ല ചിറയ്ക്കൽ അറയ്ക്കൽ രാജവംശ മതസൗഹാർദ്ദത്തിന്റെ വളരെ പ്രധാനപ്പെട്ടൊരു കേന്ദ്രം കൂടിയാണ്. ചിറയ്ക്കൽ രാജാവാണ് ഖാസിക്ക് അധികാരപട്ടം നൽകിയത്. കക്കുളങ്ങര പള്ളിയുടെ പൈതൃക സംരക്ഷണത്തിനുവേണ്ടിയുള്ള പദ്ധതി എത്രയുംപെട്ടെന്ന് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയോട് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, ടൂറിസം വകുപ്പ് കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് തലശ്ശേരി പൈതൃക പദ്ധതി. രണ്ട് ഘട്ടങ്ങളിലായി 28 വികസന പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ച കക്കുളങ്ങര പള്ളി വളരെയേറെ പഴക്കം ചെന്ന മുസ്ലീം പള്ളിയാണ്. വളപ്പട്ടണത്തെ കക്കുളങ്ങര പള്ളിയുടെ

നവീകരണത്തിന് ഒരു കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനാണ് നിർമ്മാണ ചുമതല. പദ്ധതി 4 പ്രാവശ്യം ടെണ്ടർ ചെയ്തുവെങ്കിലും കരാറുകാരെ കണ്ടെത്തുവാൻ കെ.ഐ.ഡി.സി.-യ്ക്ക് കഴിഞ്ഞിട്ടില്ല. ഇതേത്തുടർന്ന് ക്വട്ടേഷൻ വ്യവസ്ഥയിൽ കരാറുകാരനെ തെരഞ്ഞെടുക്കാൻ നിർവ്വഹണ ഏജൻസി തീരുമാനിക്കുകയായിരുന്നു. ഇതനുസരിച്ചുള്ള കുറഞ്ഞ ക്വട്ടേഷന് 15-09-2021-ലെ ബോർഡ് യോഗം അംഗീകാരം നൽകിയതായി കെ.ഐ.ഡി.സി. അറിയിച്ചിട്ടുണ്ട്. പദ്ധതിയുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

9. തൂക്കുപാലം നിർമ്മാണം

ശ്രീ. കെ. പ്രേംകുമാർ: സർ, ഒറ്റപ്പാലം പാലപ്പുറത്ത് മീറ്റ്നയിൽ നിന്ന് ചേലക്കര മണ്ഡലത്തിലെ കൈത്തറി ഗ്രാമമായ കുത്താമ്പുള്ളിയെയും ബന്ധിപ്പിക്കുന്ന മീറ്റ്ന-കുത്താമ്പുള്ളി തൂക്കുപാലം നിർമ്മിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. വള്ളുവനാടിന്റെ സാംസ്കാരിക കേന്ദ്രമാണ് ഒറ്റപ്പാലം. നിരവധി സിനിമകളുടെ ഷൂട്ടിംഗ് ലോക്കേഷനുമാണ്. താലൂക്ക്

ആസ്ഥാനം എന്ന നിലയിലും കലാ-സാംസ്കാരിക കേന്ദ്രം എന്ന നിലയിലും പ്രാധാന്യം അർഹിക്കുന്ന ഒറ്റപ്പാലത്ത് പാലപ്പുറം നെയ്ത്തുഗ്രാമവും ചേലക്കര മണ്ഡലത്തിലെ കുത്താമ്പുള്ളി ഗ്രാമവും ഇന്ത്യയിലെ ഏറ്റവും പ്രശസ്തിയാർജ്ജിച്ച കൈത്തറി ഗ്രാമമാണ്. ഈ രണ്ട് മേഖലയെയും ബന്ധിപ്പിക്കുന്ന തൂക്കുപാലം യാഥാർത്ഥ്യമായാൽ ടൂറിസം രംഗത്തെ വിപുലമായ സാദ്ധ്യകളെയാണ് നമുക്ക് ലഭ്യമാകുക. മീറ്റ്നയിൽ ഒരു ചെക്ക് ഡാം ഉണ്ട്. അവിടെ ജലടൂറിസത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും സാഹസിക ടൂറിസം ഉൾപ്പെടെ പ്രോൽസാഹിപ്പിക്കുന്നതിനും സാധിക്കും. നിലവിൽ ടൂറിസം വകുപ്പ് നടത്തുന്ന നല്ല നിലയിലുള്ള പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന ഒരു സമീപനമായിരിക്കും ഉണ്ടാകുക. ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള മീറ്റ്ന-കുത്താമ്പുള്ളി തൂക്കുപാലം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം കെ. പ്രേംകുമാർ സബ്മിഷനിലൂടെ ആവശ്യപ്പെട്ടത് നിരവധി സന്ദർശകർ എത്താറുള്ള പൗരാണിക നെയ്ത്ത്

കേന്ദ്രമായ കുത്താമ്പുള്ളിയെയും മീറ്റ്നയെയും ബന്ധിപ്പിക്കണമെന്ന വിഷയമാണ്. ഇതുതന്നെ ബഹുമാനപ്പെട്ട ചേലക്കര നിയോജകമണ്ഡലത്തിലെ അംഗം കൂടിയായ ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രിയും ടി വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഒറ്റപ്പാലത്തെയും പരിസരങ്ങളിലെയും ലൊക്കേഷനുകളിലേയ്ക്ക് മറ്റു ദേശങ്ങളിൽ നിന്നും എത്തുന്നവർക്ക് തിരുവില്വാമല വഴി കിലോമീറ്ററുകൾ ചുറ്റിമാത്രമേ ഇപ്പോൾ എത്താൻ സാധിക്കുകയുള്ളൂ. മീറ്റ്നയെയും കുത്താമ്പുള്ളിയെയും ബന്ധിപ്പിക്കുന്ന മനോഹരമായ ഒരു തൂക്കുപാലം നിർമ്മിക്കുകയാണെങ്കിൽ ഷൂട്ടിംഗ് സൈറ്റിൽ നിന്നും വരുന്നവർക്ക് നെയ്ത്ത് ഗ്രാമം സന്ദർശിക്കാനാകുകയും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും സാധിക്കുമെന്ന കാര്യം വസ്തുതയാണ്. കാലക്രമേണ ഇത് ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറ്റുവാനും സാധിക്കും. ബഹുമാനപ്പെട്ട എം.എൽ.എ. പ്രേംകുമാർ നിർദ്ദേശിച്ച പദ്ധതിയെ സംബന്ധിച്ച് പരിശോധിച്ചപ്പോൾ പാലപ്പുറം റെയിൽവേ സ്റ്റേഷനുസമീപം റെയിൽവേ ക്രോസ് ആവശ്യമായി വരും. പാലത്തിന്റെ പാലപ്പുറം സൈഡിലും കുത്താമ്പുള്ളി സൈഡിലും അപ്രോച്ച് റോഡിനുള്ള സ്ഥലവും വേണം.

അപ്രോച്ച് റോഡിനുള്ള സ്ഥലവും റെയിൽവേ ക്രോസിനാവശ്യമായ പാലത്തിനുള്ള അനുമതിയും ലഭിക്കുകയാണെങ്കിൽ നടപ്പാലം നിർമ്മിക്കുവാൻ സാധിക്കും. പൊതുമരാമത്ത് വകുപ്പ് തൂക്കുപാലത്തിന്റെ സാങ്കേതിക വിദ്യ ഉപയോഗിച്ച് പാലങ്ങൾ നിർമ്മിക്കാറില്ല. ഇത്തരം സന്ദർഭങ്ങളിൽ നിർമ്മാണ സാഹചര്യങ്ങൾ അനുകൂലമാണെങ്കിൽ സ്ഥലലഭ്യത ഉറപ്പുവരുത്തി കോൺക്രീറ്റ് ഫൂട് ബ്രിഡ്ജ് (നടപ്പാലം) ആണ് പൊതുമരാമത്ത് വിഭാവനം ചെയ്തുവരുന്നത്. ടൂറിസത്തിന് ഗുണകരമാകുമെങ്കിൽ തൂക്കുപാലത്തിന്റെ സാധ്യത കൂടി പരിശോധിക്കുവാൻ പ്രത്യേകം നിർദ്ദേശം നൽകാം.

10. മടിക്കൈ പ്രോജക്ട്

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എന്റെ നിയോജകമണ്ഡലമായ കാഞ്ഞങ്ങാട് മടിക്കൈ പഞ്ചായത്ത് ഏറ്റവും വലിയ കർഷക പ്രദാനമായ ഒരു പ്രദേശമാണ്. ഈ പഞ്ചായത്തിൽ പ്രത്യേക മൃഗസംരക്ഷണ മേഖല സ്ഥാപിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്തുതന്നെ ആവശ്യമായ ആലോചനകൾ നടത്തുകയും അത്തരമൊരു നിർദ്ദേശം മുന്നോട്ട് വയ്ക്കുകയും ചെയ്തിരുന്നതാണ്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലാണ് ഈ

പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി തീരുമാനിച്ചിരിക്കുന്നത്. അന്നത്തെ ആലോചനയുടെ അടിസ്ഥാനത്തിൽ 15-02-2021-ന് അന്നത്തെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അതിന് ഭരണാനുമതി നൽകുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നതാണ്. ആവശ്യമായ 20 ഏക്കറോളം റവന്യൂ ഭൂമി പഞ്ചായത്ത് കണ്ടെത്തിയിട്ടുണ്ട്. മൃഗസംരക്ഷണത്തിന്ഏറ്റവും അനുയോജ്യമായ പ്രദേശവും കർഷക പ്രദാനമായ പ്രദേശവുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായും ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ട നടപടികളുമായി മുന്നോട്ടുപോകണമെന്ന ഒരു സബ്മിഷനാണ് ഞാൻ ഇതിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നത്.

മൃഗസംരക്ഷണ -ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, കാസർഗോഡ് ജില്ലയിലെ മടിക്കെ പഞ്ചായത്ത് ആസ്ഥാനമാക്കി സമഗ്രമായ കാർഷിക വികസനത്തിനായി കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസ് സർവ്വകലാശാലയുടെ കീഴിൽ വെറ്ററിനറി സർവ്വകലാശാലയും മൃഗസംരക്ഷണ വകുപ്പും ചേർന്ന് ഒരു പ്രത്യേക മൃഗസംരക്ഷണമേഖല സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ്

മടിക്കൈ പദ്ധതി. ഈ പദ്ധതിക്കായി ഹോസ്ദുർഗ് താലൂക്കിൽ മടിക്കൈ പഞ്ചായത്തിൽ അമ്പലത്തറ വില്ലേജിൽ 20 ഏക്കർ റവന്യൂഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ നേരത്തെതന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ടായിരുന്നു. പദ്ധതിക്കായി 2019-20 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ വർക്ക് അപ്പന്റിക്സ് വോള്യം II പി.ഡബ്ല്യൂ.ഡി. ഐറ്റം നമ്പർ 1527 പ്രകാരം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. എന്നാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ടി പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഓഫീസർ സമർപ്പിച്ചത് 36 കോടി രൂപയുടെ പദ്ധതിയാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രിതലത്തിലും സെക്രട്ടറി തലത്തിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പല പ്രാവശ്യം നടന്ന ചർച്ചകൾക്കൊടുവിൽ മടിക്കൈ പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യഘട്ടമെന്ന നിലയിൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ 322 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി. മടിക്കൈ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 19-01-2021-ൽ ബഹുമാന്യനായ മുൻ മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിലെ ആട്ടുവളർത്തൽ പദ്ധതി, കിടാരി വളർത്തൽ, തീറ്റപ്പുൽകൃഷി തുടങ്ങിയവ പ്രാരംഭഘട്ടം എന്ന നിലയിൽ നടപ്പിലാക്കാനും അതിനായി ഭരണാനുമതി നൽകാനും തീരുമാനമെടുത്തിരുന്നെങ്കിലും 2019-20 സാമ്പത്തികവർഷത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ മടിക്കൈ പദ്ധതിക്കായി വകയിരുത്തിയിരുന്ന 10 കോടി രൂപ ക്യാരിഓവർ ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഫണ്ട് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ മടിക്കൈ പദ്ധതിക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞിരുന്നില്ല. 1000 പേർക്ക് തൊഴിൽ നൽകാൻ കഴിയുന്ന സംരംഭമെന്ന നിലയിൽ മടിക്കൈ പദ്ധതിക്ക് പ്രാധാന്യം നൽകി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 24-09-2021-ൽ മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാന്യനായ എം.എൽ.എ ശ്രീ. ഇ. ചന്ദ്രശേഖരന്റെ സാന്നിദ്ധ്യത്തിലും ചേർന്ന യോഗത്തിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നിലവിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള 20 ഏക്കർ ഭൂമിയുടെ കാര്യത്തിൽ വ്യക്തത വരുത്താൻ കാസർഗോഡ് ഡിസ്ട്രിക് ആനിമൽ ഹസ്ബന്ററി ഓഫീസറിന് നിർദ്ദേശം

നൽകുകയും പദ്ധതിയുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ ഡെപ്യൂട്ടി ഡയറക്ടർ കാസർഗോഡിനെ ചുമതലപ്പെടുത്തുകയും പദ്ധതിയുടെ ആദ്യഘട്ടമായി ഹോസ്ദുർഗ്ഗ് താലൂക്കിലെ മൂന്ന് ബ്ലോക്കുകളിലായി ആട്ടുവളർത്തൽ, കിടാരിവളർത്തൽ, തീറ്റപ്പുൽകൃഷി എന്നിവ ഉൾപ്പെടുത്തി ഒരു ലൈവ്‌ലിഹുഡ് പ്രോജക്ട് നടപ്പിലാക്കേണ്ടതാണെന്ന് തീരുമാനിക്കുകയും അതിലേയ്ക്ക് ആവശ്യമായ റിവൈസ്ഡ് പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ സമർപ്പിക്കേണ്ടതാണെന്നും അതിനോടൊപ്പം ഇതിനാവശ്യമായ ഫണ്ട് ഏത് രീതിയിൽ കണ്ടെത്താനാകുമെന്ന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ വ്യക്തമാക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. അതിൻപ്രകാരം പുതുക്കിയ പ്രൊപ്പോസൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന മുറയ്ക്ക് ഈ പദ്ധതിക്ക് അടിയന്തര പ്രാധാന്യം നൽകി നടപ്പിലാക്കാൻ കഴിയുമോയെന്നകാര്യം പരിശോധിക്കാവുന്നതാണ്.